**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3170** **14-02-2024 - ൽ മറുപടിയ്ക്ക്**

**മൽസ്യബന്ധന യാനങ്ങളിലെ മണ്ണെണ്ണ എൻജിനുകൾ എൽ.പി.ജി.യിലേക്ക് മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മണ്ണെണ്ണയ്ക്ക് വില വർധിക്കുകയും അതിന്മേലുള്ള സബ്സിഡി തുക ഉയർത്താതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മൽസ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്ര സർക്കാർ വരുത്തുന്ന കുറവും മണ്ണെണ്ണയുടെ വില വർദ്ധനവും മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് . കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതു വിതരണ സമ്പ്രദായത്തിലൂടെ സിവിൽ സപ്ലൈസ് വകുപ്പ് വഴി ലഭ്യമാക്കുന്ന സബ്സിഡി രഹിത (നോൺ പി.ഡി.എസ്) മണ്ണെണ്ണ 10 എച്ച് .പി വരെയുള്ള എഞ്ചിനുകൾക്ക് 129 ലിറ്റർ, 15 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 136 ലിറ്റർ, 15 എച്ച്.പിയ്ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 180 ലിറ്റർ എന്നിങ്ങനെയാണ് . 2022-23 സാമ്പത്തിക വർഷം 7160 കിലോ ലിറ്റർ സബ്സിഡി രഹിത (നോൺ പി.ഡി.എസ്) മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുള്ളത് . നടപ്പ് വർഷത്തേക്ക് ആവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തിയെങ്കിലും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 3300 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് മത്സ്യബന്ധന മേഖലക്ക് അനുവദിച്ചത്. ആയത് മുഴുവനും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു .<br><br>പൊതു വിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകി വരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി പെർമിറ്റ് അടിസ്ഥാനത്തിൽ സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നു. 10 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 140 ലിറ്റർ, 15 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 150 ലിറ്റർ, 15 എച്ച്.പിയ്ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 190 ലിറ്റർ എന്നിങ്ങനെയാണ് വെള്ള മണ്ണെണ്ണയുടെ വിതരണം. ഇത് കൂടാതെ വിപണി നിരക്കിൽ 10 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 371 ലിറ്റർ വീതവും, 15 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 614 |

| | | | |
|---|---|---|---|
| | | | ലിറ്റർ വീതവും, 15 എച്ച്.പിയ്ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 820 ലിറ്റർ വീതവും മണ്ണെണ്ണ ഗുണഭോക്താക്കളുടെ ആവശ്യ പ്രകാരം നൽകി വരുന്നുണ്ട്.<br><br>കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച് നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി ഉത്തരവാകുകയും ചെയ്ത് കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന സബ്സിഡി വർദ്ധിപ്പിച്ച് നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. ഈ സാഹചര്യം മറികടക്കുന്നതിന് മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, ഡീസൽ, എൽ.പി.ജി തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) | മൽസ്യബന്ധന യാനങ്ങളിലെ മണ്ണെണ്ണ എൻജിനുകൾ എൽ.പി.ജി.യിലേക്ക് മാറ്റുന്നതിനായി നടപ്പിലാക്കിയ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; നാളിതുവരെ എത്ര എൻജിനുകൾ ഇപ്രകാരം മാറ്റിയെന്നും ഈ വകയിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കുമോ; വിശദാംശം നൽകുമോ? | (ബി) | പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ എൽ.പി.ജി കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട് . ആയതിലേയ്ക്കായി 7 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിക്കുകയും ആലപ്പുഴ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ ലിക്വിഡ് ഓഫ് ടേക്ക് കിറ്റുകൾ വിതരണം ചെയ്യുകയും എൽ .ഒ .റ്റി(LOT) അടിസ്ഥാനത്തിലുള്ള എൽ.പി.ജി കിറ്റുകൾ യാനങ്ങളിൽ ഘടിപ്പിച്ച് പഠനം നടത്തുകയും ചെയ്തു. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് ലഭ്യമായതനുസരിച്ച് എൽ.പി.ജി എഞ്ചിനുകൾ ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെടുകയും ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുകയും ചെയ്തു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21/01/2023 ന് എൽ.പി.ജി കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു . തുടർന്ന് മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ എൽ.പി.ജി എഞ്ചിനുകളാക്കി മാറ്റുന്ന |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പാക്കുന്നതിനായി 3 കോടി 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു . |

സെക്ഷൻ ഓഫീസർ